# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.*521

26/03/2018-ൽ
മറുപടിയ്ക്ക്

## നവീന അധ്യാപന രീതി വികസനം

**ചോദ്യം**

**മറുപടി**

ശ്രീ.എം.സ്വരാജ്
ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.എ.എം.ആരിഫ് :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നതവിദ്യാഭ്യാസ മേഖലയിലെ വൈജ്ഞാനിക രംഗത്തെ മുന്നേറ്റത്തിനായി ആവിഷ്കരിച്ചിട്ടുള്ളതും ഗവേഷണവുമായി ബന്ധിപ്പിക്കുന്നതുമായ 'നവീന അധ്യാപന രീതി വികസന പരിപാടി'(ഫ്ളെയർ)യുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | 2013 - 14 അക്കാദമിക് വർഷം ആരംഭിച്ച ഫ്ലെയർ പരിപാടിയിലൂടെ 585 കോളേജ്/സർവ്വകലാശാല അദ്ധ്യാപകർക്ക് മികച്ച അദ്ധ്യയന ഗവേഷണ രീതികളെ മുൻ നിർത്തിയുള്ള പരിശീലനം നല്കിയിട്ടുണ്ട്. ഇതിൽ 59 അദ്ധ്യാപകർക്ക് ദേശീയ സ്ഥാപനങ്ങളിൽ ഒരു മാസത്തെ ഇന്റേൺഷിപ്പ് പരിശീലനവും 47 അദ്ധ്യാപകർക്ക് മികച്ച ബ്രിട്ടീഷ് സർവ്വകലാശാലകളിൽ ഒരു മാസത്തെ പരിശീലനവും നല്കിയിട്ടുണ്ട്. |
| (ബി) | ഫ്ളെയർ വിഭാവനം ചെയ്യുന്ന ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്നും അതിനായുള്ള പ്രവർത്തനങ്ങളും വിശദമാക്കാമോ; | (ബി) | കോളേജുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അദ്ധ്യാപകരുടെ പ്രത്യേക വാസനകളേയും കഴിവുകളേയും പരിപോഷിപ്പിച്ച് വിദ്യാർത്ഥി സമൂഹത്തിനും സ്ഥാപനങ്ങൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ സംവിധാനത്തിലെ മാറ്റം അനിവാര്യമായ സംസ്ഥാനത്തെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുക വഴി അദ്ധ്യയന രംഗത്തെ കണ്ടെത്തുകലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുകയാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രസ്തുത പദ്ധതിയിലൂടെ യുവാക്കളായ ഫാക്കൽറ്റി അംഗങ്ങളും രംഗത്തെ മുതിർന്ന പരിചയ സമ്പന്നരായ പ്രഗത്ഭരും തമ്മിലൊരു ബന്ധം സ്ഥാപിക്കുവാനും അതിലൂടെ അദ്ധ്യയന രംഗത്തെ ഗവേഷണം, വിപുലീകരണം എന്നിവ സ്വായത്തമാക്കുവാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |
| (സി) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ ഗ്രേഡിംഗും | (സി) | നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്) നടത്തിയ പരിശോധനയുടെ |

| | | | |
|---|---|---|---|
| | റിപ്പോർട്ട് ചെയ്തിട്ടുള്ള പോരായ്മകളും അവ നികത്താൻ ഉദ്ദേശിക്കുന്ന നടപടികളും എന്തെല്ലാമെന്ന് അറിയിക്കാമോ? | | അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റികൾക്ക് നല്കിയിട്ടുള്ള ഗ്രേഡിംഗ് ചുവടെ ചേർക്കുന്നു.<br><br>1.കേരള യൂണിവേഴ്സിറ്റി - എ ഗ്രേഡ്<br>2.മഹാത്മ ഗാന്ധി യൂണിവേഴ്സിറ്റി - എ ഗ്രേഡ്<br>3.കണ്ണൂർ യൂണിവേഴ്സിറ്റി - ബി ഗ്രേഡ്<br>4.ശ്രീ.ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി - എ ഗ്രേഡ്<br>5.കൊച്ചിൻ യൂണിവേഴ്സിറ്റി - എ ഗ്രേഡ്<br>6.കാലിക്കറ്റ് യൂണിവേഴ്സിറ്റി - എ ഗ്രേഡ്<br><br>7.ന്യുവാൽസ്<br>8.തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല<br>} NAAC ന്റെ അക്രഡിറ്റേഷനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഗ്രേഡിംഗ് സംബന്ധിച്ച് മറ്റ് പോരായ്മകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ